## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4576** **18.05.2017-ൽ മറുപടിക്ക്**

### ഉദയ് പദ്ധതി പ്രവർത്തനങ്ങൾക്കു ലഭിച്ച തുക

| | ചോദ്യം<br>ശ്രീ. കെ. കൃഷ്ണൻകുട്ടി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജന (ഉദയ്) യുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ യുടെ വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ; | (എ) & (ബി) | സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാരും സംസ്ഥാന വിതരണ കമ്പനിയായ കെ.എസ്.ഇ.ബി.ലിമിറ്റഡും ആയി ഉദയ് പദ്ധതിയുടെ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന മികവ് മെച്ചപ്പെടുത്തുന്ന ഭാഗത്തിൽ മാത്രമായി 15.03.2017-ൽ ഒപ്പ് വച്ചിട്ടുണ്ട്. ഉദയ് പദ്ധതിയുടെ സാമ്പത്തിക നില വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കുചേരാത്തതിനാൽ കെ.എസ്.ഇ.ബി.യ്ക്ക് തുകയൊന്നും ലഭ്യമായിട്ടില്ല.<br><br>പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക, Average Cost of Supply, Average Revenue Realization ഇവയുടെ അന്തരം കുറയ്ക്കുക എന്നിവയാണ് മുഖ്യമായും ഉദയ് ലക്ഷ്യമിടുന്നത്. കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയും അല്ലാതെയും വിതരണ കമ്പനി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളെയും മേൽപ്പറഞ്ഞ ലക്ഷ്യ പ്രാപ്തിയിലേയ്ക്ക് ഏകോപിപ്പിക്കുന്നതിലാണ് പദ്ധതിയുടെ ഊന്നൽ. അപ്രകാരം വൈദ്യുതിയുടെ പ്രസരണ വിതരണ മേഖലകളിൽ നടന്നു വരുന്ന എല്ലാ പ്രവർത്തനങ്ങളും UDAY യുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നവയാണ്.<br><br>UDAY നടത്തിപ്പിനായി കേന്ദ്ര സർക്കാർ തുകയൊന്നും തന്നെ അനുവദിക്കുന്നില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തുവരുന്ന പദ്ധതികൾക്കു പുറമേ, താഴെ പറയുന്നവയും UDAY നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതു പ്രകാരം ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തെല്ലാ മാണ്; ഈ വർഷത്തെ കേന്ദ്ര - സംസ്ഥാന വിഹിതം എത്രയാണ്? | | |

| | | | |
|---|---|---|---|
| | | | 1. എല്ലാ വിതരണ ട്രാൻസ്ഫോർമറുകളിലും 2018-19 ഓടുകൂടി മീറ്ററുകൾ സ്ഥാപിക്കുക.<br>2. എല്ലാ 11 കെ.വി. മീറ്ററുകളിലും ഓട്ടോ മാറ്റിക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.<br>3. ഗ്രാമീണ മേഖലയിലെ 11 കെ.വി. ഫീഡറുകളിൽ എനർജി ഓഡിറ്റിംഗ് നടത്തുക.<br>4. പ്രതിമാസ ഉപഭോഗം 200 യൂണിറ്റിനു മുകളിലുള്ള എല്ലാ ഉപഭോക്തൃ മീറ്ററുകളും സ്മാർട്ട് സംവിധാനത്തിലാക്കുക.<br>5. Enterprise Resource Planning സംവിധാനം നടപ്പിൽ വരുത്തുക.<br>എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുക. |

Hemalatha

**സെക്ഷൻ ഓഫീസർ**